**എ.വൈ.ആർ**

വ്യക്തിജീവിതത്തിനും സാമൂഹിക ജീവിതത്തിനും ഒരുപോലെ വെളിച്ചം നൽകുന്നതാണീ സൂറയുടെ ഉള്ളടക്കം. കുടുംബത്തിൽ പാലിക്കേണ്ട മര്യാദകൾ, സദാചാര പ്രതിബദ്ധത, മാന്യമായ സ്ത്രീ പുരുഷ സംസർഗം, പരസ്പരം ഇടപഴകുമ്പോഴും സന്ദർശിക്കുമ്പോഴും പാലിക്കേണ്ട മര്യാദകൾ, ശുദ്ധാത്മാക്കളായ സ്ത്രീ പുരുഷന്മാരെക്കുറിച്ച് അപവാദം പ്രചരിപ്പിക്കുന്നതിന്റെ ഗൗരവം, സഭ്യേതരമായ വാർത്തകൾ പ്രചരിപ്പിക്കുന്നതിന്റെ അനാശാസ്യത.... തുടങ്ങി ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങളിൽ ഈ സൂറഃ സുവ്യക്തമായ നിയമങ്ങൾ നിർദേശിച്ചിരിക്കുന്നു.



# ആമുഖം

സൂറയുടെ നാമം 'അന്നൂർ' എന്നാണെന്നതിൽ ഭിന്നാഭിപ്രായമില്ല. ഇതല്ലാത്ത മറ്റൊരു പേരിലും ഈ സൂറഃ അറിയപ്പെടുന്നുമില്ല. സൂക്തത്തിലെ ٱللَّهُ نُورُ ٱلسَّمَٰوَٰتِ وَٱلْأَرْضِ എന്ന വാക്യത്തിൽനിന്നാണ് ഈ നാമകരണമുണ്ടായതെന്ന് പൊതുവിൽ കരുതപ്പെടുന്നു. അതിനു പുറമെ സൂറയുടെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്നതു കൂടിയാണ് ഈ നാമം എന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ നിരീക്ഷിക്കുന്നുണ്ട്. സൂറഃ മനസ്സിരുത്തി വായിച്ചു നോക്കിയാൽ അതിന്റെ ഓരോ സൂക്തവും വാക്കുമല്ല; പ്രത്യുത ഓരോ അക്ഷരവും പ്രകാശം പ്രസരിക്കുന്നതായി കാണാമെന്ന് അല്ലാമാ മുഹമ്മദ് മുതവല്ലി ശഅ്റാവി തന്റെ തഫ്സീറിൽ പറയുന്നു. വെളിച്ചം-പ്രകാശം- എന്താണെന്ന് ആ പദം മൊഴിയുന്നതിലൂടെത്തന്നെ ആളുകൾ മനസ്സിലാക്കുന്നു. വെളിച്ചം നിർവചിക്കപ്പെടുന്നത് അതുൾക്കൊള്ളുന്ന യാഥാർഥ്യം കൊണ്ടാണ്. കാണപ്പെടുന്നതെല്ലാം വെളിവാകുകയും വസ്തുതകൾ തെളിഞ്ഞുവരികയുമാണത്. വെളിച്ചമില്ലെങ്കിൽ യാതൊന്നും നാം കാണുകയില്ല. എന്നാൽ വെളിച്ചത്തെ നാം കാണുന്നില്ല, വെളിച്ചത്തിലൂടെ വസ്തുക്കളെ കാണുകയാണ്. 'അല്ലാഹു വാനഭുവനങ്ങളുടെ പ്രകാശമാണ്' എന്നു വെച്ചാൽ അവൻ അവയെ പ്രകാശിപ്പിക്കുന്നു. പക്ഷേ, അല്ലാഹുവിനെ നാം കാണുന്നില്ല. കണ്ണുകളിൽനിന്ന് പുറപ്പെടുന്ന രശ്മികൾ വസ്തുക്കളിൽ പതിക്കുമ്പോൾ മനുഷ്യർ അവയെ കാണുന്നു എന്നായിരുന്നു പണ്ടുകാലത്തെ വിശ്വാസം. ഇസ്ലാമിക പണ്ഡിതനായ ഹസനുബ്നു ഹൈസം ഈ സിദ്ധാന്തത്തെ ഖണ്ഡിച്ചുകൊണ്ട് സമർഥിച്ചു: കാണപ്പെടുന്ന വസ്തുക്കളിൽനിന്ന് കണ്ണിലേക്ക് രശ്മികൾ വരുമ്പോഴാണ് അവ ദൃശ്യമാകുന്നത്, മറിച്ചല്ല. നാം വെളിച്ചത്തിലായിരിക്കുമ്പോഴും ഇരുട്ടിലുള്ള വസ്തു കാണപ്പെടുന്നില്ലല്ലോ. രശ്മി പുറപ്പെടുന്നത് നമ്മിൽനിന്നാണെങ്കിൽ നാം അത് കാണേണ്ടതാണ്. ഇബ്നുൽ ഹൈസമിന്റെ സിദ്ധാന്തം ആധുനിക ശാസ്ത്രം ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

വെളിച്ചത്തിന്റെ പ്രാധാന്യം ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഓരോ വ്യക്തിയും തന്റെ അടുത്ത ചുവട് എവിടെ വെക്കണമെന്ന് തീരുമാനിക്കുന്നത് കാഴ്ചയിലൂടെയാണ്. വെളിച്ചമില്ലെങ്കിൽ പാദം പതിക്കുന്നത് കുറ്റിയിലാവാം, കുഴിയിലാവാം, മുള്ളിലാവാം, മൂർഖൻ പാമ്പിലാവാം. അതുകൊണ്ടാണ് ആത്മീയവും ഭൗതികവുമായ വ്യവഹാരങ്ങളുടെ ശരിയായ രീതി കാണിച്ചുതരുന്നതിനെ അല്ലാഹു 'നൂർ' എന്ന് വിളിച്ചത്. ദൈവിക പ്രകാശമില്ലാത്തപ്പോൾ ആളുകൾ സ്വന്തം സൗകര്യവും സാഹചര്യവുമനുസരിച്ച് വിളക്കുകളുണ്ടാക്കുന്നു. മെഴുകുതിരി മുതൽ ഫ്ളഡ്ലിറ്റ് വരെ അങ്ങനെയുണ്ടായതാണ്. എന്നാൽ, സൂര്യപ്രകാശമാകുന്ന ദൈവിക വെളിച്ചം സമാഗതമാകുന്നതോടെ ആ വിളക്കുകളൊക്കെ നിസ്തേജമാകുന്നു. ആത്മീയ കാര്യങ്ങളിലും ഇതുതന്നെയാണവസ്ഥ. അവിടെയും ദൈവിക വെളിച്ചം സമാഗതമാകുന്നതോടെ മനുഷ്യൻ സ്വയം നിർമിച്ച 'വിളക്കുകൾ' ഒക്കെയും അപ്രസക്തമാകുന്നു. അതുകൊണ്ട് മൂല്യവിചാരത്തിലും ധാർമിക വ്യവസ്ഥയിലും സാമൂഹിക വ്യവഹാരങ്ങളിലുമെല്ലാം സ്വീകരിക്കേണ്ടത് അല്ലാഹുവിന്റെ നൂർ- വെളിച്ചം-ആണ്.

*സൂറത്തുന്നൂർ* പ്രവാചകന്റെ മദീനാ ജീവിതത്തിലാണവതരിച്ചതെന്ന കാര്യത്തിലും തർക്കമില്ല. മുസ്ഹഫിൽ 24-ാം സൂറയായിട്ടാണ് ചേർത്തിട്ടുള്ളതെങ്കിലും അവതരണക്രമമനുസരിച്ച് 100-ാം സൂറയാണെന്ന് പ്രസ്താവമുണ്ട്. *സൂറത്തുൽ അസ്റി*നു ശേഷം *സൂറത്തുൽ ഹജ്ജി*നു മുമ്പായി അവതരിച്ച ഈ സൂറഃ മദീനയിൽ അവതരിച്ച 18-ാം സൂറയാണെന്ന് ഇമാം സുയൂത്വി *അൽ ഇത്ഖാനു ഫീ ഉലൂമിൽ ഖുർആൻ* എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സൂറയുടെ അവതരണകാലത്തെക്കുറിച്ച് വ്യത്യസ്തമായ പ്രസ്താവനകളാണുള്ളത്. ഹിജ്റ അഞ്ചാം ആണ്ടിൽ സൂറഃ *അഹ്സാബ്* അവതരിക്കുന്നതിന്റെ മുമ്പാണ് ഇതവ

തരിച്ചതെന്ന് ചിലര്‍. ഖന്‍ദഖ് യുദ്ധത്തിനും *അഹ്സാബി*ന്റെ അവതരണത്തിനും ശേഷം ഹിജ്‌റ ആറാം ആണ്ടില്‍ അവതരിച്ചുവെന്ന് മറ്റു ചിലര്‍. സയ്യിദ് അബുല്‍ അഅ്‌ലാ മൗദൂദിയുടെ വീക്ഷണത്തില്‍ ഇതാണ് കൂടുതല്‍ പ്രബലം. കാരണം ഇതിലെ ചില സൂക്തങ്ങള്‍ ബനുല്‍ മുസ്ത്വലിഖ് യുദ്ധം നടന്ന ഉടനെ അവതരിച്ചതാണെന്ന് സ്പഷ്ടമാണ്. ഹിജ്‌റ ആറാം ആണ്ടിലാണ് ആ യുദ്ധം നടന്നത്. ഇതു പ്രകാരം സൂറഃ *അഹ്സാബി*ന്റെ അനുബന്ധമോ പൂരണമോ ആണീ സൂറഃ. ഖന്‍ദഖ് യുദ്ധത്തിന്റെയും അഹ്സാബിന്റെയും മുമ്പാണ് ഇതവതരിച്ചതെന്ന അഭിപ്രായം സ്വീകരിച്ചാല്‍, ഈ സൂറയുടെ അനുബന്ധവും പൂരകവുമാണ് സൂറഃ *അഹ്സാബ്*. ഈ വ്യത്യാസം ഈ രണ്ട് സൂറകളെയും ആധാരമാക്കിയുള്ള നിയമനിര്‍ധാരണത്തില്‍ പ്രതിഫലിക്കും.

ശൈഖ് മുഹമ്മദ് അത്വാഹിറുബ്നു ആശൂറാഇന്റെ വീക്ഷണത്തില്‍ സൂറയുടെ മുഖ്യ ഭാഗം അവതരിച്ചത് എപ്പോഴായിരുന്നാലും വ്യത്യസ്ത കാലങ്ങളില്‍ അവതരിച്ച പല സൂക്തങ്ങളും ഇതിലുണ്ട്. ഉദാഹരണമായി ٱلزَّانِي لَا يَنكِحُ എന്നു തുടങ്ങുന്ന മൂന്നാം സൂക്തം. മര്‍സദുബ്നു അബീമര്‍സദ് എന്ന പ്രവാചകശിഷ്യന്റെയും അനാഖ എന്ന ദുര്‍നടപ്പുകാരിയുടെയും പ്രശ്നം കൈകാര്യം ചെയ്തുകൊണ്ട് അവതരിച്ചതാണ്. മര്‍സദുബ്നു അബീ മര്‍സദ് ഹിജ്‌റ മൂന്നാം ആണ്ടില്‍ നടന്ന അര്‍റജീഅ് സംഘട്ടനത്തില്‍ രക്തസാക്ഷിയായിരുന്നു. ഈ സൂക്തം ഹിജ്‌റ മൂന്നാം ആണ്ടിലോ അതിനു മുമ്പോ അവതരിച്ചതാണെന്നാണല്ലോ അതിനര്‍ഥം. സൂറയിലെ കുറേ സൂക്തങ്ങള്‍ പരാമര്‍ശിക്കുന്നത് ആഇശ(റ)ക്ക് എതിരായി നടന്ന അപവാദ പ്രചാരണമാണ്. അത് നടന്നത് ബനുല്‍ മുസ്ത്വലിഖ് യുദ്ധത്തെത്തുടര്‍ന്നാണ്. ബിന്‍ആശൂറാഇന്റെ ദൃഷ്ടിയില്‍ ബനുല്‍ മുസ്ത്വലിഖ് യുദ്ധമുണ്ടായത് ഹിജ്‌റ നാലാം ആണ്ടിലാണ്. وَٱلَّذِينَ يَرْمُونَ أَزْوَٰجَهُمْ എന്നു തുടങ്ങുന്ന ആറാം സൂക്തം അവതരിക്കുന്നത് ഹിജ്‌റ ഒമ്പതാം ആണ്ട് ശഅ്ബാനിലാണ്. അപ്പോള്‍ അതിനുശേഷം രേഖപ്പെടുത്തപ്പെട്ട പല സൂക്തങ്ങളും അതിനു മുമ്പ് അവതരിച്ചതാണ്. നീണ്ട കാലയളവിനിടയില്‍ പലപ്പോഴായി അവതരിച്ച ഒറ്റപ്പെട്ട സൂക്തങ്ങള്‍ കൂട്ടിച്ചേര്‍ത്തതാണീ സൂറഃ എന്നാണിതിന്റെ താല്‍പര്യം. ഒരു സന്ദര്‍ഭത്തില്‍ ഒറ്റയടിക്ക് അവതരിച്ചത് എന്ന മട്ടില്‍ *സൂറത്തുന്നൂറി*നെ സമീപിക്കുന്നതും നിയമനിര്‍ധാരണം നടത്തുന്നതും ശരിയായിരിക്കുകയില്ല.

*സൂറത്തുന്നൂറി*നെ സൂറഃ *അല്‍ മുഅ്മിനൂ*ന്റെ തൊട്ടുടനെയായി ക്രോഡീകരിച്ചത് രണ്ട് സൂറകളുടെയും ഉള്ളടക്കം തമ്മിലുള്ള ബന്ധം പരിഗണിച്ചാവാം. സൂറഃ *അല്‍മുഅ്മിനൂ*ന്റെ 1 മുതല്‍ 11 വരെയുള്ള തുടക്ക സൂക്തങ്ങള്‍ ഓര്‍ത്തുനോക്കുക. ജീവിതം സഫലമാകുന്ന യഥാര്‍ഥ സത്യവിശ്വാസികളുടെ വിശുദ്ധവും വിശിഷ്ടവുമായ സംസ്കാരവും സ്വഭാവചര്യകളും മൊത്തത്തില്‍ പ്രതിപാദിച്ചിരിക്കുകയാണതില്‍. മുസ്‌ലിംകള്‍ മക്കയിലായിരുന്നപ്പോള്‍ അതെല്ലാം വ്യക്തികളോടുള്ള ഉപദേശങ്ങളായിരുന്നു. വ്യക്തികള്‍ അവരുടെ സാഹചര്യത്തിനിണങ്ങുംപടി അത് സ്വജീവിതത്തില്‍ നടപ്പിലാക്കിക്കൊണ്ടിരുന്നു. അവരെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന സാമൂഹിക വ്യവസ്ഥയൊന്നും അവിടെ ഉണ്ടായിരുന്നില്ല. ഹിജ്‌റക്കു ശേഷം സ്ഥിതി മാറി. മുസ്‌ലിംകള്‍ മദീനയില്‍ സ്വയംനിര്‍ണയാവകാശമുള്ള സമൂഹമായിത്തീര്‍ന്നു. അപ്പോള്‍ ഖുര്‍ആന്‍ അതിനു മുമ്പ് നല്‍കിയ അധ്യാപനങ്ങളെല്ലാം അവരുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക വ്യവസ്ഥയായി രൂപാന്തരപ്പെടേണ്ടതുണ്ടായിരുന്നു. അതിനാല്‍ സന്ദര്‍ഭങ്ങളുടെ ഔചിത്യമനുസരിച്ച് സമൂഹത്തിന്റെ സംസ്കരണത്തിനും ശുദ്ധീകരണത്തിനുമുള്ള നിയമങ്ങള്‍ അവതരിപ്പിക്കപ്പെട്ടു. അതുവരെ വ്യക്തികളില്‍ മാത്രം പരിമിതമായിരുന്ന ഈമാനിക ശോഭ മൊത്തം സമൂഹത്തിന്റെ സൗന്ദര്യമായി പ്രശോഭിച്ചു.

വ്യക്തിജീവിതത്തിനും സാമൂഹിക ജീവിതത്തിനും ഒരുപോലെ വെളിച്ചം നല്‍കുന്നതാണീ സൂറയുടെ ഉള്ളടക്കം. കുടുംബത്തില്‍ പാലിക്കേണ്ട മര്യാദകള്‍, സദാചാര പ്രതിബദ്ധത, മാന്യമായ സ്ത്രീ പുരുഷ സംസര്‍ഗം, പരസ്പരം ഇടപഴകുമ്പോഴും സന്ദര്‍ശിക്കുമ്പോഴും പാലിക്കേണ്ട മര്യാദകള്‍, ശുദ്ധാത്മാക്കളായ സ്ത്രീ പുരുഷന്മാരെക്കുറിച്ച് അപവാദം പ്രചരിപ്പിക്കുന്നതിന്റെ ഗൗരവം, സഭ്യേതരമായ വാര്‍ത്തകള്‍ പ്രചരിപ്പിക്കുന്നതിന്റെ അനാശാസ്യത, അടിമകളുടെ മോചനത്തിനു വേണ്ടി കരാറുണ്ടാക്കാനുള്ള പ്രേരണ, കീഴാളരായ സ്ത്രീ പുരുഷന്മാരെ വിവാഹം ചെയ്യിക്കാന്‍ സമൂഹത്തിനുള്ള ബാധ്യത, സാമ്പത്തിക ലാഭത്തിനു വേണ്ടി അവരെ വേശ്യാവൃത്തിയിലേര്‍പ്പെടുത്തുന്നതിന്റെ നിരോധം, ആള്‍പ്പാര്‍പ്പുള്ളതും ഇല്ലാത്തതുമായ അന്യവീടുകളില്‍ ചെല്ലുമ്പോള്‍ പാലിക്കേണ്ട മര്യാദകള്‍, ഭിന്നശേഷിക്കാരോട് അനുവര്‍ത്തിക്കേണ്ട അലിവും ആനുകൂല്യവും തുടങ്ങി ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങളില്‍ ഈ സൂറഃ സുവ്യക്തമായ നിയമങ്ങള്‍ നിര്‍ദേശിച്ചിരിക്കുന്നു. പര




പുരുഷ ബന്ധവും പരസ്ത്രീ ബന്ധവും ആരോപിക്കുന്ന ദമ്പതികൾ തമ്മിൽ വേർപിരിയുന്നതിനുള്ള 'ലിആൻ' നിയമവും ഈ സൂറഃ പ്രസ്താവിച്ചിരിക്കുന്നു. ആഇശ(റ)യെക്കുറിച്ചുണ്ടായ അപവാദ പ്രചാരണമാണ് പ്രാധാന്യപൂർവം കൈകാര്യം ചെയ്യുന്ന മറ്റൊരു വിഷയം. ആഇശ(റ)യുടെ നിരപരാധിത്വത്തോടൊപ്പം, അപവാദ പ്രചാരണത്തിൽ പങ്കുവഹിച്ച മിസ്ത്വഹുബ്നു ഉസാസിന് അബൂബക്ർ സിദ്ദീഖ്(റ) സഹായം നിർത്തിയ നടപടിയെയും വിമർശിച്ചിരിക്കുന്നു. ആളുകളുടെ കുചേഷ്ഠിതങ്ങളെ വിട്ടുവീഴ്ചയോടെ സമീപിക്കാനും സദാചാരപരമായും ധാർമികമായും സംശുദ്ധമായ വ്യക്തിത്വം കാത്തുസൂക്ഷിക്കാനും ആഹ്വാനം ചെയ്യുന്നു.

അതിനിടയിൽ അല്ലാഹുവിന്റെ മഹത്വത്തെയും ഗാംഭീര്യത്തെയും അതിമനോഹരമായും സുതാര്യമായും വർണിക്കുന്നു. അവന്റെ സൃഷ്ടിവൈഭവത്തെയും പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ മനുഷ്യർക്കുള്ള അനുഗ്രഹങ്ങളെയും ചൂണ്ടിക്കാണിക്കുന്നു. തുടർന്ന് സത്യവിശ്വാസികൾക്ക് അല്ലാഹു ഒരുക്കിവെച്ചിട്ടുള്ള കർമഫലത്തെക്കുറിച്ച് ഉണർത്തുന്നു. ഓരോ വ്യക്തിയുടെയും ഉള്ളിലുള്ളതെന്താണെന്ന് അല്ലാഹുവിന് നന്നായറിയാമെന്നും എല്ലാവരും അവങ്കലേക്ക് മടങ്ങേണ്ടവരാണെന്നും കർമഫലം അവന്റെ ഹസ്തത്തിലാണെന്നും ഓർമിപ്പിക്കുന്നു.

വ്യക്തിയും സമൂഹവും സ്ത്രീകളും പുരുഷന്മാരുമെല്ലാം ദൈനംദിന ജീവിതത്തിൽ പാലിക്കേണ്ട ഒട്ടനവധി നിയമങ്ങൾ പഠിപ്പിക്കുന്ന ഈ സൂറക്ക് സവിശേഷ പ്രാധാന്യമുണ്ട്. പ്രവാചകൻ (സ) പ്രസ്താവിച്ചതായി മുജാഹിദ് പറയുന്നു:

علّموا رجالكم سورة المائدة وعلّموا نسائكم سورة النور (നിങ്ങളുടെ പുരുഷന്മാരെ സൂറഃ *അൽമാഇദ*യും സ്ത്രീകളെ സൂറഃ *അന്നിസാഉം* പഠിപ്പിക്കുവിൻ). ഉമർ(റ) തങ്ങൾക്ക് എഴുതിയതായി ഹാരിസുബ്നു മദ്റബ് (റ) പറയുന്നു: "നിങ്ങളുടെ സ്ത്രീകളെ സൂറഃ *അന്നിസാഉം അൽ അഹ്സാബും അന്നൂറും* പഠിപ്പിക്കുവിൻ." സ്ത്രീകളെ ഈ സൂറഃ പഠിപ്പിക്കുന്നതു സംബന്ധിച്ച് പ്രവാചക പത്നി ആഇശ(റ)യും പ്രസ്താവിച്ചിട്ടുണ്ട്. ■

---

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

سُورَةٌ أَنزَلْنَٰهَا وَفَرَضْنَٰهَا وَأَنزَلْنَا فِيهَآ ءَايَٰتٍۭ بَيِّنَٰتٍ لَّعَلَّكُمْ تَذَكَّرُونَ

**1.** നാം ഇറക്കി നിയമമാക്കിയിട്ടുള്ള ഒരു മഹത്തായ സൂറയാണിത്. അതിൽ സുവ്യക്തമായ നിയമപ്രമാണങ്ങൾ അവതരിപ്പിച്ചിരിക്കുന്നു; നിങ്ങൾ ബോധവാന്മാരാകാൻ.

**1**

سُورَةٌ = ഒരു (മഹത്തായ) സൂറ(യാണിത്) أَنزَلْنَٰهَا = നാം അതിനെ ഇറക്കി

وَفَرَضْنَٰهَا = നാം അതിനെ നിയമമാക്കുകയും ചെയ്തു وَأَنزَلْنَا فِيهَآ = നാം അതിൽ ഇറക്കി (അവതരിപ്പിച്ചിരിക്കുന്നു)

ءَايَٰتٍ = ദൃഷ്ടാന്തങ്ങൾ, സൂക്തങ്ങൾ (നിയമപ്രമാണങ്ങൾ) بَيِّنَٰتٍ = സുവ്യക്തമായ

لَّعَلَّكُمْ تَذَكَّرُونَ = നിങ്ങൾ ഓർത്തെങ്കിലോ (ബോധവാന്മാരാകാൻ)

സൂറഃ എന്ന പദത്തിന്റെ അർഥം *ഖുർആൻബോധനം* സൂറഃ *അൽ ഫാതിഹ*യുടെ ആമുഖത്തിൽ വിശദമാക്കിയിട്ടുണ്ട്. മലക്ക് ജിബ്രീൽ(അ) വഴി ലഭിച്ച ദിവ്യബോധനമനുസരിച്ച് നബി(സ) തുടക്കവും ഒടുക്കവും കൃത്യമായി നിർണയിച്ച് വേർതിരിച്ചുവെച്ച സൂക്തഗണങ്ങളാണ് ഖുർആനിലെ സൂറകൾ. ഇവിടെ സൂറഃ എന്ന സാമാന്യ നാമം ഉപയോഗിച്ചിരിക്കുന്നത് അനുക്തമായ ഒരു ആഖ്യയുടെ ആഖ്യാനമായിട്ടാണ്. അറബിഭാഷയിൽ, സവിശേഷമായതിനെ കുറിക്കാൻ സാമാന്യ നാമം ഉപയോഗിക്കുന്നത് അതിന്റെ മഹത്വത്തെയും ഗൗരവത്തെയും കുറിക്കുന്നു. فرض-ന് സങ്കൽപം, ഗണന എന്നും നിർബന്ധബാധ്യത എന്നും അർഥമുണ്ട്. ءَايَٰتٍ അടയാളങ്ങളും ദൃഷ്ടാന്തങ്ങളുമാണ്. ഇവിടെ ഉദ്ദേശ്യം നിയമപ്രമാണങ്ങളാണ്. സുവ്യക്തമായ പ്രമാണങ്ങൾ- ءَايَٰتٍ بَيِّنَٰتٍ -എന്നാൽ സുവ്യക്തമായ നിയമവിധികൾ ഉൾക്കൊള്ളുന്ന പ്രമാണങ്ങൾ. സൂക്ത താൽപര്യമിതാണ്: ഈ *സൂറത്തുന്നൂർ* സവിശേഷവും ഏറെ മഹത്തരവുമായ സൂറയാകുന്നു. നാം- അല്ലാഹു- തന്നെയാണ് ഇതവതരിപ്പിച്ചിട്ടുള്ളത്; മറ്റാരുമല്ല. ഇതിൽ നിങ്ങൾ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും പാലിക്കേണ്ട നിയമങ്ങൾ വ്യക്തമാക്കിത്തരുന്ന പ്രമാണങ്ങളുണ്ട്. അതുകൊണ്ട് ഈ സൂക്തങ്ങൾ സഗൗരവം ഉൾക്കൊണ്ട് ബോധവാന്മാരാകണം നിങ്ങൾ. ഇതിൽ പറയുന്നത് നിർബന്ധമായി അനുസരിക്കേണ്ട ഖണ്ഡിതമായ നിയമങ്ങളാണ്; ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കുകയും ഇല്ലെങ്കിൽ തള്ളിക്കളയുകയും ചെയ്യാവുന്ന ശിപാർശകളല്ല. ഈ സൂറഃ അവതരിപ്പിക്കുന്ന നിയമങ്ങളൊന്നും അവ്യക്തമോ അസ്പഷ്ടമോ അല്ല. എല്ലാം എല്ലാവർക്കും സുഗ്രാഹ്യവും സുതാര്യവുമാകുന്നു. തുടർന്ന് അവതരിപ്പിക്കുന്ന നിയമ പ്രമാണങ്ങൾക്കുള്ള ഒരു മുഖവുരയാണീ സൂക്തം. ഈ ആമുഖത്തിന്റെ ഗൗരവം തന്നെ തുടർന്ന് അവതരിപ്പിക്കുന്ന നിയമങ്ങളുടെ പ്രാധാന്യം സൂചിപ്പിക്കുന്നുണ്ട്. ■